LIBRARY ARCHIVES Kerala Legislative Assembly

വെച്ചൂച്ചിറ പഞ്ചായത്തിൽ വൈദ്യുതി മുടങ്ങാതെ ലഭ്യമാക്കുവാൻ നടപടി

177 (5582) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെച്ചൂച്ചിറ പഞ്ചായത്തിലെ കൊല്ലമുള ചാത്തൻതറ മേഖലയിൽ 2010 ജൂൺ മാസത്തിലും,ജൂലൈ 10 വരെയും എത്ര ദിവസം വൈദ്യുതി മുടങ്ങാതെ വീടുകൾക്ക് നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ മേഖലയിൽ മുൻകാലങ്ങളിൽ റാന്നി ഫീഡറിൽ നിന്നും വൈദ്യുതി മുടങ്ങിയാൽ എരുമേലി സെക്ഷന്റെ മുക്കാട്ടുതറ ലൈനിൽ നിന്നും ബാക്ക് ഫീഡ് ചെയ്തിരുന്ന സമ്പ്രദായം എന്തുകൊണ്ടാണ് നിർത്തലാക്കിയത് ;

(സി) ബാക്ക് ഫീഡിംഗ് നിർത്താൻ എന്തെങ്കിലും പ്രത്യേക കാരണങ്ങൾ ഉണ്ടായിട്ടുണ്ടോ എന്ന് വിശദീകരിക്കുമോ ;

(ഡി) വെച്ചൂച്ചിറ, എരുമേലി സെക്ഷനുകൾ കെ.എസ്.ഇ.ബി.യുടെ കീഴിലാണെന്നിരിക്കെ, ജീവനക്കാർ പരസ്പരം സഹകരിക്കാതെ പെരുമാറുന്നതുമൂലം നാട്ടുക്കാർക്കുണ്ടായിരിക്കുന്ന ദുരിതം ഒഴിവാക്കാൻ വൈദ്യുതി ബാക്ക് ഫീഡിംഗ് സമ്പ്രദായം പഴയതുപോലെ തുടരുവാൻ അടിയന്തരമായി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ട് ?

ഉത്തരം

(എ) വെച്ചൂച്ചിറ പഞ്ചായത്തിലെ കൊല്ലമുള ചാത്തൻതറ മേഖലയിൽ 2010 ജൂൺ മുതൽ ജൂലൈ 10 വരെയുള്ള കാലയളവിൽ 11 ദിവസങ്ങളിൽ ഒരു മണിക്കൂർ കൂടുതലുള്ള വൈദ്യുതി തടസ്സം നേരിട്ടിട്ടുണ്ട്.

(ബി-ഡി) എ.ബി.സ്വിച്ച് പ്രവർത്തനക്ഷമം അല്ലാതിരുന്നതിനാൽ തൽസമയം ബാക്ക് ഫീഡിംഗ് നടത്താൻ സാധിച്ചിരുന്നില്ല. എ.ബി സ്വിച്ച് പ്രവർത്തനക്ഷമമാക്കി ബാക്ക് ഫീഡിംഗ് സമ്പ്രദായം ഇപ്പോൾ പുനരാരംഭിച്ചിട്ടുണ്ട്.

ഇടക്കൊച്ചിയിൽ കെ.എസ്.ഇ.ബി.യുടെ ഒരു കളക്ഷൻ സെന്റർ ആരംഭിക്കുന്നതിന് നടപടി

178 (5583) ശ്രീ. സി. എം. ദിനേശ് മണി: താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇരുപത്തിരണ്ടായിരത്തിനു മേൽ ഉപഭോക്താക്കളുള്ള പള്ളുരുത്തി സെക്ഷൻ ഓഫീസിന്റെ കീഴിൽ വരുന്ന ഇടക്കൊച്ചിയിൽ കെ.എസ്.ഇ.ബി.യുടെ ഒരു കളക്ഷൻ സെന്റർ ആരംഭിക്കുന്നതിന് നടപടി കൈക്കൊള്ളുമോ ?